# വിവേക ബുദ്ധി

• റംല. എം. ഇഖ്ബാൽ

അതിസമ്പന്നമായ ഒരു നാടായിരുന്നു വജ്രഗിരി. അവിടുത്തെ പ്രജകൾ വിനീതരും ക്ഷമാശീലരും ആയിരുന്നു. അവരുടെ കഠിന പ്രയത്നമാണ് ആ നാടിന്റെ സമ്പത്തിന് കാരണം. വിജയം മാത്രം കൂട്ടായി വരുന്ന ആ നാടിനോട് അയൽരാജ്യങ്ങൾക്കെല്ലാം അസൂയയായിരുന്നു.

അവിടുത്തെ പേരുകേട്ട രത്നവ്യാപാരിയായിരുന്നു ധൻലാൽ. വർഷത്തിൽ ആറുമാസം കച്ചവടവുമായി അന്യനാടുകളിൽ യാത്ര ചെയ്യുകയും തുടർന്നു വരുന്ന ആറുമാസം സ്വന്തം നാട്ടിൽ കുടുംബത്തോടൊപ്പം സന്തോഷത്തോടെ താമസിക്കുകയും ചെയ്യുന്ന വ്യാപാരി. അങ്ങനെ കുറെക്കാലം തുടർച്ചയായി അയാൾ വ്യാപാരത്തിൽ ഏർപ്പെട്ടു.

വാർധക്യം യാത്രകളെ ബാധിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം തന്റെ വ്യാപാരമെല്ലാം മൂത്തമകനായ രത്നലാലിനെ ഏൽപ്പിച്ച് വിശ്രമജീവിതം നയിക്കാൻ ആഗ്രഹിച്ചു. മകനെ അടുത്തുവിളിച്ച് സ്നേഹത്തോടെ ഇങ്ങനെ പറഞ്ഞു: ''പ്രിയപുത്രാ, ഇനി മുതൽ നമ്മുടെ എല്ലാ കച്ചവടകാര്യങ്ങളും നിന്നെ ഏൽപ്പിക്കുന്നു. നീ, നിന്റെ കഴിവുപയോഗിച്ച് നഷ്ടം വരുത്താതെ ഉന്നത വിജയം നേടുക. ദൈവം നിന്നെ സഹായിക്കട്ടെ.'' ഇതുകേട്ട മകൻ രത്നലാൽ സന്തോഷത്തോടെ അച്ഛന്റെ ആഗ്രഹം ശിരസാവഹിച്ചു.

ദിവസങ്ങൾ അങ്ങനെ പോകവേ അടുത്ത വ്യാപാരയാത്രക്കുള്ള സമയമായി. എല്ലാ സന്നാഹങ്ങളുമായി അച്ഛന്റെ അനുഗ്രഹവും സ്വീകരിച്ച് രത്നലാൽ യാത്ര തിരിച്ചു. അയൽനാടായ ശൈലപുരത്തേക്കാണ് ആദ്യം എത്തിയത്. പക്ഷേ അവിടെ കണ്ട കാഴ്ച അയാളെ വളരെയധികം ദുഃഖത്തിലാഴ്ത്തി.

പ്രജകളിൽ അധികവും പട്ടിണിയും പരിവട്ടവുമായി കഴിയുന്നു. ദാരിദ്ര്യം അതിന്റെ മൂർധന്യത്തിൽ എത്തിയ ആ കാഴ്ച രത്നലാലിന് പുതിയ അനുഭവം ആയിരുന്നു. ആ നാട്ടിലെ സമ്പത്തുള്ളവരാകട്ടെ പാവപ്പെട്ടവരെ സഹായിക്കുന്നുമില്ല. എന്നും സമ്പൽസമൃദ്ധിയിൽ കഴിഞ്ഞുവന്ന രത്നലാലിന് ഇതെല്ലാം വളരെ വേദനയുളവാക്കി.

''ദൈവമേ, എന്താണ് നീയിങ്ങനെ രണ്ടായിക്കാണിക്കുന്നത്?! ഞങ്ങളുടെ നാട്ടിൽ അതി സമ്പത്താണ് ഓരോരുത്തർക്കും നീ നൽകിയത്. അതിൽ കാൽ ഭാഗം ഈ പാവപ്പെട്ടവർക്ക് കൊടുത്തിരുന്നെങ്കിൽ എത്ര നന്നായേനേ'' എന്ന് മനസ്സിൽ പരാതി പറഞ്ഞു.

രത്നലാൽ കച്ചവടം മറന്ന് തന്റെ കൈയിലുണ്ടായിരുന്ന പണവും രത്നങ്ങളും വസ്ത്രങ്ങളും ഭക്ഷണവും എല്ലാം പാവപ്പെട്ടവർക്ക് ദാനം ചെയ്തു. ആ പാവപ്പെട്ട പ്രജകളെല്ലാം ഒത്തിരി സന്തോഷിച്ചു. തങ്ങൾക്ക് കിട്ടിയ രത്നവും പണവും ഉപയോഗിച്ചവർ ജീവിതം പച്ചപിടിപ്പിക്കാൻ തീരുമാനിച്ചു.

എന്നാൽ രത്നലാലിന്റെ കാര്യമോ, ഉള്ള സമ്പത്തെല്ലാം ദാനം ചെയ്ത അയാൾ പൊടുന്നനെ ദരിദ്രനായി മാറി. ദിവസങ്ങൾ പോകവെ അയാൾക്ക് ഭക്ഷണം വാങ്ങാൻ പോലും പണമില്ലാതായി. താൻ ആരെയൊക്കെയാണോ സഹായിച്ചത് അവരോടെല്ലാം അൽപം ഭക്ഷണത്തിനായി ഇരക്കേണ്ട ഗതികേട്

▸▸ ഇന്ത്യയിലെ ആദ്യ കടൽഭക്ഷ്യ സംസ്കരണ പാർക്ക് – ആലപ്പുഴ



വന്നു. ദിവസങ്ങൾ പോകപ്പോകെ അവർക്കെല്ലാം രത്നലാൽ എന്ന ദരിദ്രനോട് വെറുപ്പ് തോന്നിത്തുടങ്ങി.

തിരിച്ചു സ്വന്തം നാട്ടിൽ പോകാൻ പോലും പണമില്ലാത്ത അവസ്ഥയിൽ അയാൾ എന്തെങ്കിലും ജോലി ചെയ്യാൻ തീരുമാനിച്ചു. ഏറെ അന്വേഷണത്തിനു ശേഷം ഒരു കൃഷിയിടത്തിൽ അയാൾക്ക് ജോലി കിട്ടി. പകൽ മുഴുവൻ വെയിലു കൊണ്ട് ജോലി ചെയ്ത അയാൾ വൈകുന്നേരം തോട്ടം ഉടമയോട് കൂലി ചോദിച്ചു.

“കൂലി ചോദിക്കാനൊക്കെ ആയോ, ഇന്നലെ വന്ന പണിക്കാരൻ?! അവന്റെ അഹങ്കാരം കണ്ടോ..? തുടർച്ചയായി മൂന്ന് ദിവസം ജോലിയെടുത്താൽ മാത്രമേ ഇവിടങ്ങളിൽ കൂലി കൊടുക്കൂ. അതൊന്നും അറിയില്ലേ..” തോട്ടം ഉടമ അയാളെ പരിഹസിച്ചുകൊണ്ട് വീട്ടിലേക്ക് കയറിപ്പോയി.

പാവം രത്നലാൽ, ഭക്ഷണം ഇല്ലാതെയും വിശ്രമമില്ലാതെയും അയാളാകെ തളർന്നിരുന്നു. ഏതായാലും ഉള്ള ആരോഗ്യം വെച്ച് രണ്ടുദിവസം കൂടി അവിടെ ജോലി ചെയ്ത് തുച്ഛമായ കൂലി വാങ്ങി സ്വന്തം നാട്ടിൽ തിരിച്ചെത്തി. ആറുമാസത്തെ വ്യാപാരത്തിന് പോയ മകൻ, കൈ നിറയെ സമ്പാദ്യവുമായി വരേണ്ട മകൻ ഏതാനും ദിവസങ്ങൾക്കുള്ളിൽ ക്ഷീണിതനായി യാചകന്റെ വേഷത്തിൽ തിരിച്ചെത്തിയത് കണ്ട് പിതാവ് ധൻലാൽ അന്തംവിട്ട് നിന്നു.

സങ്കടത്തോടെ മകനോട് വിവരം അന്വേഷിച്ചു. വിശദമായി മകൻ എല്ലാ സംഭവങ്ങളും വിവരിച്ചു. വിവരങ്ങൾ മനസ്സിലാക്കിയ അച്ഛൻ മകനോട് പറഞ്ഞു:

“ഓരോ സൃഷ്ടിക്കും എന്ത് നൽകണം, എന്ത് നിഷേധിക്കണം എന്ന് തീരുമാനിക്കുന്നവൻ ദൈവം ആണ്. നമ്മെക്കൊണ്ട് കഴിയുന്ന രീതിയിൽ മറ്റുള്ളവരെ സഹായിക്കണം. എന്നാൽ അത് നമ്മെ നശിപ്പിക്കുന്ന രീതിയിലാകരുത്. ദാനം എന്നും ധനത്തെ കൂട്ടുകയേ ഉള്ളൂ. പക്ഷേ നമ്മുടെ കഴിവിനനുസരിച്ചേ പ്രവർത്തിക്കാവൂ.. ജീവിതത്തിൽ ഇത്തരം സന്ദർഭങ്ങളിൽ നാം വിവേക ബുദ്ധിയോടെ പ്രവർത്തിക്കണം. മോന്റെ നല്ല മനസ്സിന് ദൈവം എന്നും കൂട്ടായിരിക്കും.”

ദിവസങ്ങൾ കടന്നുപോയി. രത്നലാലിന് ആരോഗ്യവും സന്തോഷവും തിരിച്ചു കിട്ടി. അച്ഛനിൽനിന്നും ആ മകൻ വ്യാപാരതന്ത്രങ്ങൾ മനസ്സിലാക്കി. അടുത്ത കച്ചവടത്തിനായി പുറപ്പെടും നേരം അച്ഛൻ മകന് വേണ്ട ഉപദേശങ്ങളും പാഠങ്ങളും പറഞ്ഞു കൊടുക്കാൻ മറന്നില്ല.

◆

▸▸ ഇന്ത്യയിലെ ആദ്യത്തെ ഇക്കോ ടൂറിസം കേന്ദ്രം– തെൻമല